File No. 9365/J1/12/H.Edn.

പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1030

20.03..2012 -ൽ
മറുപടിയ്ക്ക്

## പട്ടുവം ഐ.എച്ച്.ആർ.ഡി. കോളേജിന് സ്വന്തം കെട്ടിടം

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടുവം ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിട നിർമ്മാണത്തിന് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് എന്നും എപ്പോഴാണ് ഭരണാനുമതി നല്കിയതെന്നും അറിയിക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി. -യുടെ 22-06-2010-ാം തീയതിയിലെ CN/3486/09/HRD നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി യിട്ടുണ്ട്. |
| (ബി) | പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് എത്ര ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളത്; ആയതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന് താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 80ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനു വേണ്ടി ഐ.എച്ച്.ആർ.ഡി. -യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | പുതുക്കിയ ഭരണാനുമതിയോടെ കെട്ടിടനിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി കിട്ടിക്കഴിഞ്ഞാൽ ഏകദേശം 2 മാസത്തിനകം കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് ഐ.എച്ച്.ആർ.ഡി. അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ പോലും റദ്ദായേക്കാവുന്ന സാഹചര്യത്തിൽ അടിയന്തിരമായി കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ഐ.എച്ച്.ആർ.ഡി. ഒരു സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ